ഉത്തരം

(എ) 46.

(ബി) 46.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഒഴിവുകൾ ഇല്ല. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കാതിരിക്കുകയാണെങ്കിൽ അതു നികത്തുന്നതിനും കൂടാതെ ഒഴിവുകൾ വരുന്ന മുറയ്ക്കും പി.എസ്.സി.-യെ അറിയിക്കുന്നതുമാണ്.

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണത്തിന് ഫണ്ട്

95 |1925| *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്ന് ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ മേഖലയിൽ ഏതെല്ലാം കടൽഭിത്തി ജോലികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഈ മേഖലകളിൽ ചെയിനേജ് 49.500 മുതൽ 51.500 വരെ രണ്ട് കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലായി 2705 മീറ്റർ നീളത്തിൽ 565 ലക്ഷം രൂപയ്ക്കുള്ള കടൽഭിത്തി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ പുനരുദ്ധാരണ പ്രവർത്തികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

96 |1926| *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ കൊയിപ്പാടി കടപ്പുറം (കുമ്പള), ശിരിയ, ബൈരിക്കെ, മൂസോഡി, ഉപ്പള (മംഗലപാടി), ആരിക്കാടി, കുമ്പൂൽ (കുമ്പള) എന്നിവിടങ്ങളിൽ കടൽക്ഷോഭം തടയുന്നതിനായി കടൽഭിത്തി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കൊയിപ്പാടിയിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 150 ലക്ഷം രൂപയുടേയും ശിരിയയിൽ 250 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 63 ലക്ഷം രൂപയുടേയും പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഞാറയ്ക്കൽ മണ്ഡലത്തിലെ കടൽഭിത്തി

97 [1927] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വർഷത്തിൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി ജലസേചന വകുപ്പ് എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിനായി സർക്കാർ അനുവദിച്ച തുക എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) എടവനക്കാട്, എളംകുന്നപ്പുഴ, നായരമ്പലം, ഞാറയ്ക്കൽ, പെരായി, പള്ളിപ്പുറം എന്നീ സ്ഥലങ്ങളിൽ കടൽഭിത്തിയുടെ ശോച്യാവസ്ഥ അടയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 240.40 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ്.

(ബി) 240.40 ലക്ഷം രൂപ.

(സി) & (ഡി) എടവനക്കാട്ടിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി 141.30 ലക്ഷം രൂപയും, പള്ളിപ്പുറം, എടവനക്കാട്, പെല്ലാനം ദ്വീപ് എന്നിവിടങ്ങളിൽ അടിയന്തിര പ്രവർത്തികൾക്കായി 17 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

പറശ്ശിനിക്കടവിലെ വാട്ടർ തീം പാർക്ക്

98 [1928] *ശ്രീ. കെ. സുധാകരൻ:*
,, *വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *പി. ജെ. ജോയി:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്ലഷേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ആഭിമുഖ്യത്തിൽ പറശ്ശിനിക്കടവിൽ നാടൻ ചെങ്കൽ കുന്നുകളിടിച്ച് വാട്ടർ തീം പാർക്കിന് വേണ്ടി പണികൾ നടത്തുന്നുണ്ടോ;

GPM. 2/566/2012—18

LIBRARY ARCHIVES Kerala Legislative Assembly